**പതിനഞ്ചാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 ഫെബ്രുവരി 28, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

36 (*211) ആദിവാസികൾക്കെതിരെയുള്ള ആൾക്കൂട്ട ആക്രമണങ്ങൾ തടയാൻ നടപടി

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ടെന്നും ആൾക്കൂട്ട അക്രമങ്ങൾക്കും അധിക്ഷേപങ്ങൾക്കും പട്ടികവർഗ്ഗ വിഭാഗക്കാർ ഇരയാകുന്ന ഒറ്റപ്പെട്ട സംഭവങ്ങളിന്മേൽ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ സാമൂഹ്യ

ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഇത്തരം അതിക്രമങ്ങൾക്ക് വിധേയരാകപ്പെടാത്ത വിധത്തിൽ വിദ്യാഭ്യാസ-തൊഴിൽ-സാമ്പത്തിക മേഖലകളിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരെ മുൻനിരയിലെത്തിക്കുന്നതിനുള്ള ഇടപെടൽ നടത്തിവരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുണ്ടാകുന്ന ഉദ്യോഗസ്ഥതല വീഴ്ചകളിന്മേൽ കർശന നടപടി സ്വീകരിക്കുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നിയമസഹായം ഉറപ്പാക്കുന്നതിന് നിയമപഠനം പൂർത്തീകരിച്ച പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കളെ ലീഗൽ അഡ്വൈസർമാരായി നിയമിക്കുകയും വനമേഖലയിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽനിന്നും തെരഞ്ഞെടുത്തവരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും എസ്.ടി. പ്രൊമോട്ടർമാരായി 1118 പേരെയും കമ്മിറ്റഡ് സോഷ്യൽ വർക്കർമാരായി 114 പേരെയും തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് നിയമ/ഡിജിറ്റൽ വിദ്യാഭ്യാസം ഉറപ്പാക്കുകയും 4.31 കോടി രൂപ ചെലവഴിച്ച് ഇടമലക്കുടി ആദിവാസി കോളനിയിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്. വയനാട് സ്വദേശിയായ ആദിവാസി യുവാവ് വിശ്വനാഥൻ ജീവനൊടുക്കിയ

സംഭവത്തിൽ സ്പെഷ്യൽ ടീം രൂപീകരിച്ച് കാര്യക്ഷമമായ രീതിയിൽ കേസന്വേഷണം ഉറപ്പാക്കുന്നതിന് കോഴിക്കോട് സിറ്റി പോലീസ് മേധാവിക്കും സ്ഥിതി വിവരങ്ങൾ യഥാസമയം വിലയിരുത്തുന്നതിന് ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ഉറപ്പാക്കുമെന്നും വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും കുടുംബത്തിന് രണ്ട് ലക്ഷം രൂപ അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമത്തിന്റെ പരിധിയിൽ വരികയാണെങ്കിൽ ആശ്രിതന് സർക്കാർ സർവ്വീസിൽ ജോലിയും നിയമ/സാമ്പത്തിക സഹായവും നൽകുമെന്നും വ്യക്തമാക്കി. അട്ടപ്പാടി മധു കൊലക്കേസിൽ കുടുംബത്തിന്റെ താൽപ്പര്യം കണക്കിലെടുത്ത് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചതായും ഇത്തരം കേസുകളിലെ സാക്ഷികൾക്ക് മതിയായ സംരക്ഷണം നൽകി കുറ്റമാറ്റം തടയുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

37 (*212) നഗര കുടിവെള്ള വിതരണ പദ്ധതികൾ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടിയിൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ 'അമൃത് 2.0'-ന്റെ ഭാഗമായി ആറ് കോർപ്പറേഷനുകളും 87 മുനിസിപ്പാലിറ്റികളുമുൾപ്പെടെ സംസ്ഥാനത്തെ 93 നഗരങ്ങളിലെ കുടിവെള്ള വിതരണത്തിനായി 3500 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും 84 അമൃത്-1 ഇതര നഗരങ്ങൾക്കായി 100 കോടി രൂപയും 9 അമൃത്-1 ഇതര നഗരങ്ങൾക്കായി 636.16 കോടി രൂപയും ഫ്ലോട്ടിങ് ഇൻസെന്റീവ് ഫണ്ടായി അനുവദിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 81 നഗരങ്ങളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിക്കായി ട്രാഞ്ചെ-I ൽ സമർപ്പിച്ച 1828.65 കോടി രൂപയുടെ പ്രൊപ്പോസലിന്മേൽ ആദ്യഘട്ടം ഭരണാനുമതി ലഭ്യമാക്കിയ 77 പദ്ധതികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നതായും ട്രാഞ്ചെ-II ൽ സമർപ്പിച്ച 184.502 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്രതല അപെക്സ് കമ്മിറ്റി അംഗീകരിച്ചതായും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്നും മന്ത്രി വ്യക്തമാക്കി. കിഫ്ബി സഹായത്തോടെ 4498.97 കോടി രൂപയുടെ 72 കുടിവെള്ള പദ്ധതികൾക്കുള്ള അനുമതിയും അഞ്ച് കുടിവെള്ള പദ്ധതികളുടെ രണ്ടാംഘട്ടത്തിനായി 521.2 കോടി രൂപയുടെ ഭരണാനുമതിയും

നൽകിയിട്ടുണ്ട്. 441.51 കോടി രൂപയുടെ 17 കുടിവെള്ള പദ്ധതികളും 123.01 കോടി രൂപയുടെ 44 പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തികരിച്ചിട്ടുണ്ടെന്നും നിലവിലുള്ള കിഫ്ബി പദ്ധതികൾ 2024 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുമെന്നും ശുദ്ധജലവിതരണ പദ്ധതികൾക്കാവശ്യമായ സ്ഥലമേറ്റെടുക്കൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നഗരമേഖലയിൽ സമ്പൂർണ്ണ കുടിവെള്ള വിതരണം സാധ്യമാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുമെന്നും കുടിവെള്ള വിതരണത്തിന് സാധിക്കാത്ത പ്രദേശങ്ങളിൽ ഭൂജലവകുപ്പിന്റെ സഹായത്തോടെ വിതരണം സാധ്യമാക്കുമെന്നും പ്രവൃത്തിയേറ്റെടുത്തശേഷം പൂർത്തീകരിക്കാൻ തയ്യാറാകാത്ത കരാറുകാരെ ടെർമിനേറ്റ് ചെയ്ത് പകരം സംവിധാനമൊരുക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണെന്നും വ്യക്തമാക്കി. ഭൂമിക്കടിയിലുള്ള പൈപ്പിലൂടെയുള്ള ജലചോർച്ച കണ്ടെത്തുന്നതിന് ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൊച്ചിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അരുവിക്കര ജലശുദ്ധീകരണശാലയുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ, പുനലൂർ നിയോജകമണ്ഡലത്തിൽ

ജലശുദ്ധീകരണശാലയും ഓവർഹെഡ് വാട്ടർ ടാങ്കും സ്ഥാപിക്കൽ എന്നിവ സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ആലുവയിൽ 190 എം.എൽ.ഡി ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനുള്ള ശ്രമം നടത്തി വരുന്നുണ്ടെന്നും നെയ്യാർഡാം-പി.ടി.പി. കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

38 (*213) <u>മത്സ്യഫെഡിന്റെ വായ്പാ പദ്ധതികൾ</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, മത്സ്യത്തൊഴിലാളികൾക്കായി മത്സ്യഫെഡ് മൈക്രോ ഫിനാൻസ്, മത്സ്യവിപണന വനിതകൾക്കുള്ള പലിശരഹിത വായ്പ, ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മത്സ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവും സാമൂഹ്യ ഉന്നമനവും സുരക്ഷയും ഉറപ്പാക്കുന്നതിന് സമ്പാദ്യ സമാശ്വാസം, പുനരധിവാസം, വിദ്യാഭ്യാസ സഹായം, ഇൻഷ്വറൻസ്, കടൽ സുരക്ഷ, 'സമുദ്ര' ബസ് സർവ്വീസ് തുടങ്ങിയ വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പും അനുബന്ധ സ്ഥാപനങ്ങളും ചേർന്ന് നടപ്പാക്കിവരുന്നുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ യന്ത്രവൽകൃത മത്സ്യബന്ധനത്തിന്

പ്രാപ്തരാക്കുന്നതിനായി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ദേശീയ സഹകരണ വികസന കോർപ്പറേഷൻ, ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ/ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവയുടെ ധനസഹായത്തോടെ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് മത്സ്യഫെഡ് പലിശരഹിത വായ്പ അനുവദിക്കുന്നുണ്ടെന്നും വ്യക്തമാക്കി. പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ നടപ്പിലാക്കുന്ന തീരദേശ ലേല സമ്പ്രദായം, നാടൻ വള്ളങ്ങളുടെ യന്ത്രവത്കരണം, വലകൾക്കുള്ള സബ്സിഡി, കിസാൻ ക്രെഡിറ്റ് കാർഡ്, മത്സ്യബന്ധന ഉപകരണ സുരക്ഷാ പദ്ധതി, ബ്ലൂ റെവല്യൂഷൻ/പ്രധാൻ മന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി, വായ്പകളിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ തുടങ്ങിയവ മത്സ്യഫെഡ് മുഖേന നടപ്പാക്കിവരുന്നുണ്ട്. സമുദ്ര ബസ് സർവീസ് മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും ഹാർബർ മാനേജ്മെന്റ് കമ്മിറ്റികൾ പുന:സ്ഥാപിച്ചിട്ടുണ്ടെന്നും മത്സ്യഫെഡ് നൽകുന്ന പലിശരഹിത വായ്പയിന്മേൽ നിർബന്ധിത കുടിശ്ശിക പിരിവ് നടത്തുന്നില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

39(*214) <u>പരമ്പരാഗത കലകളുടെ സംരക്ഷണം</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പാരമ്പര്യകലകൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള ഫോക്‌ലോർ അക്കാദമി, കേരള ലളിതകലാ അക്കാദമി, മഹാകവി മോയീൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, വാസ്തുവിദ്യാ ഗുരുകുലം എന്നിവയുടെ സഹകരണത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും പൈതൃകപഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ദ്ധരുടെയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, കലാകാരൻമാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, കേരളത്തിന്റെ ഗ്രാമീണ കലാ കരകൗശല പൈതൃകം സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി നടപ്പിലാക്കുന്ന ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതിയിൻകീഴിൽ പാരമ്പര്യ കലകൾ പ്രോത്സാഹിപ്പിച്ചുവരുന്നതായും കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക തലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുകവഴി സാംസ്കാരിക ഉന്നമനം

സാധ്യമാക്കുന്നതിനുമായി "യുവകലാകാരൻമാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്" പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കി. കോളേജ്/സ്കൂൾ തലത്തിലെ വിദ്യാർത്ഥികളിൽ നാടൻകല അവബോധം സൃഷ്ടിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഫോക്‌ലോർ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ദേശീയ-അന്തർദേശീയ തലങ്ങളിലും ഗ്രാമീണ മേഖലയിലും പാരമ്പര്യ കലാപരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെന്നും ഭാവി തലമുറയ്ക്കുവേണ്ടി കേരളീയ കലാരൂപങ്ങൾ ചിത്രീകരിച്ച് ശേഖരിച്ചുവയ്ക്കുന്ന ' മഴമിഴി' - മൾട്ടി മീഡിയ മെഗാ സ്ട്രീമിംഗ് സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നതായും വൈവിധ്യമാർന്ന സംസ്കാരങ്ങൾ, മൺമറഞ്ഞുപോകുന്ന കലാരൂപങ്ങൾ എന്നിവ സംരക്ഷിക്കാനും പുതുതലമുറയ്ക്കായി ആർക്കൈവ് ചെയ്യാനും ഇന്ത്യൻ ദ്വീപുകളിലെ പാരമ്പര്യ കലാവതരണങ്ങൾ, കേരളത്തിലെ കോളനികളും തീരപ്രദേശങ്ങളും കേന്ദ്രീകരിച്ചുള്ള കലാവിഷ്കാരങ്ങൾ എന്നിവ 'ഐലന്റ് ആൻഡ് കോളനി ഫെസ്റ്റ്' എന്ന പേരിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായും മന്ത്രി അറിയിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിലെ കലാസമൂഹത്തിന് ഉണർവ്വേകാനും ഗോത്രകലകളിലെ ആയിരം

പ്രതിഭകൾക്ക് മൂവായിരം രൂപ വീതം പ്രതിഫലം നൽകാനും 5 ജില്ലകളിലായി സംഘടിപ്പിക്കുന്ന 'തളിർമിഴി ഗോത്രകലായാത്ര' പൊതുജനങ്ങൾക്ക് നേരിട്ടും ഓൺലൈൻവഴിയും ആസ്വദിക്കാനും സാധിക്കുന്നതാണ്. അവശ കലാകാരൻമാരെ സംരക്ഷിക്കാൻ പെൻഷൻ, അടിയന്തര ചികിത്സാ സഹായം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും അശരണരായ കലാകാരൻമാരെ സംരക്ഷിക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംവിധായകരെയും വനിത സംവിധായകരെയും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു സിനിമയ്ക്ക് 1.5 കോടി രൂപ നിരക്കിൽ സഹായം നൽകി 6 സിനിമകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

40 (*215) <u>കേന്ദ്ര സർക്കാരിന്റെ കടൽ മത്സ്യബന്ധന കരട് നിയമം</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കടൽ മത്സ്യബന്ധന കരട് നിയമം പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ ആശങ്ക സൃഷ്ടിച്ചിട്ടുണ്ടെന്നും സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകൾ ഒഴിവാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ

സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും അംഗീകരിച്ചതായും ബില്ലിന്റെ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിൽ സംസ്ഥാന പ്രതിനിധിയായി റിട്ട: ഫിഷറീസ് അഡീഷണൽ ഡയറക്ടറെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണമെന്നും സംഘങ്ങളെ അതിനായി പ്രാപ്തമാക്കണമെന്നുമുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സുരക്ഷിത യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുകയും തെരഞ്ഞെടുക്കപ്പെട്ട 30 മത്സ്യത്തൊഴിലാളികൾക്ക് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ നേതൃത്വത്തിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. മത്സ്യമേഖലയിൽ വൻനിക്ഷേപം നടത്തിയതിന്റെ ഫലമായി മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.